**മധുരമായ കുട്ടികളേ– ഇത് നിങ്ങളുടെ ഏറ്റവും വിലപ്പെട്ട സമയമാണ്, ഈ സമയത്ത് നിങ്ങൾ ബാബയുടെ പരിപൂർണ്ണ സഹായികളാകൂ, സഹായികളായ കുട്ടികൾ തന്നെയാണ് ഉയർന്ന പദവി നേടുന്നത്.**

**ചോദ്യം–** സേവനയുക്തരായ കുട്ടികൾക്ക് ഏതൊരു ഒഴിവു കഴിവാണ് പറയാൻ പറ്റാത്തത്?
**ഉത്തരം–** സേവനയുക്തരായ കുട്ടികൾക്ക്, ബാബാ ഇവിടെ ചൂടാണ്, ഇവിടെ തണുപ്പാണ് അതിനാൽ ഞങ്ങൾക്ക് സേവനം ചെയ്യാൻ പറ്റുന്നില്ല എന്ന ഒഴിവ് കഴിവ് പറയാൻ പറ്റില്ല. അല്പം ചൂട് ഉണ്ടായാൽ അല്ലെങ്കിൽ കുറച്ച് തണുപ്പ് കൂടിയാൽ ബാധിക്കുന്ന തരത്തിൽ മൃദുലമാകരുത്. എനിക്ക് സഹിക്കാൻ പറ്റില്ല എന്നാവരുത്. ഈ ദുഃഖധാമത്തിൽ ദുഃഖം–സുഖം, ചൂട്–തണുപ്പ്, നിന്ദ–സ്തുതി എല്ലാം സഹിക്കണം. ഒഴിവ് കഴിവ് പറയരുത്.

**ഗീതം–** ക്ഷമയോടെയിരിക്കൂ മനുഷ്യാ.................

**ഓം ശാന്തി**. സുഖം– ദുഃഖം എന്ന് എന്തിനെയാണ് പറയുന്നത് എന്നത് കുട്ടികൾക്ക് അറിയാം. ഈ ജീവിതത്തിൽ സുഖം എപ്പോഴാണ് ലഭിക്കുന്നത് പിന്നെ ദുഃഖം എപ്പോഴാണ് ലഭിക്കുന്നത് എന്നത് നിങ്ങൾ ബ്രാഹ്മണ കുട്ടികൾ മാത്രമേ നമ്പർവൈസ് പുരുഷാർത്ഥം അനുസരിച്ച് അറിയുന്നുള്ളു. ഇത് ദുഃഖത്തിന്റെ ലോകമാണ്. ഇതിൽ അല്പ സമയത്തേക്ക് സുഖം–ദുഃഖം, നിന്ദ–സ്തുതി എന്നിവയെല്ലാം സഹിക്കേണ്ടതായി വരും. ഇതിൽ നിന്നെല്ലാം ഉപരിയാവണം. ചിലർക്ക് അല്പം ചൂട് തട്ടിയാൽ തണുപ്പത്ത് ഇരിക്കണം എന്നുപറയും. ഇപ്പോൾ കുട്ടികൾക്ക് ചൂടിലും തണുപ്പിലും സേവനം ചെയ്യുകതന്നെ വേണം. ഈ സമയത്ത് അല്പം കൂടുതൽ ദുഃഖം ഉണ്ടായാലും പുതിയ കാര്യമല്ല. ഇത് ദുഃഖധാമം തന്നെയാണ്. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് സുഖധാമത്തിലേയ്ക്ക് പോകുന്നതിനുള്ള പരിപൂർണ്ണ പുരുഷാർത്ഥം ചെയ്യണം. ഇത് നിങ്ങളുടെ വളരെ വിലപ്പെട്ട സമയമാണ്. ഇതിൽ ഒഴിവ് കഴിവുകൾ നടക്കില്ല. ബാബ സേവനയുക്തരായ കുട്ടികളോട് പറയുന്നു, ആർക്കാണോ സേവനം എന്തെന്ന് പോലും അറിയാത്തത്, അവരെക്കൊണ്ട് ഒരു ഉപകാരവുമില്ല. ഇവിടേയ്ക്ക് ബാബ വന്നിരിക്കുന്നത് ഭാരതത്തെ മാത്രമല്ല മുഴുവൻ വിശ്വത്തേയും സുഖധാമമാക്കി മാറ്റാനാണ്. അതിനാൽ ബ്രാഹ്മണകുട്ടികൾ തന്നെയാണ് ബാബയുടെ സഹായിയാവേണ്ടത് ബാബ വന്നിരിക്കുകയാണ് അതിനാൽ ബാബയുടെ ശ്രീമതം അനുസരിച്ച് നടക്കണം. സ്വർഗ്ഗമായിരുന്ന ഭാരതം ഇപ്പോൾ നരകമാണ്, അതിനെ വീണ്ടും സ്വർഗ്ഗമാക്കി മാറ്റണം. ഇതും ഇപ്പോൾ മനസ്സിലായി. സത്യയുഗത്തിൽ ഈ പവിത്രമായ രാജാക്കന്മാരുടെ രാജ്യമുണ്ടായിരുന്നു, വളരെ സുഖിയായിരുന്നു പിന്നീട് അപവിത്ര രാജാക്കന്മാരായും മാറുന്നു, ഈശ്വരാർത്ഥം ദാന പുണ്യങ്ങൾ ചെയ്യുന്നതിലൂടെ അവർക്കും ശക്തി ലഭിച്ചിരുന്നു. ഇപ്പോഴുള്ളത് പ്രജകളുടെ രാജ്യമാണ്. പക്ഷേ ഇവർക്ക് ഭാരതത്തിന്റെ സേവനം ചെയ്യാൻ സാധിക്കില്ല. ഭാരതത്തിന്റെ അഥവാ ലോകത്തിന്റെ സേവനം ഒരേയൊരു പരിധിയില്ലാത്ത അച്ഛനാണ് ചെയ്യുന്നത്. ഇപ്പോൾ ബാബ കുട്ടികളോട് പറയുന്നു– മധുരമായ മക്കളേ– ഇപ്പോൾ എന്റെ സഹായിയാവൂ. എത്ര സ്നേഹത്തോടെ മനസ്സിലാക്കിത്തരുന്നു, ദേഹീ അഭിമാനിയായ കുട്ടികൾക്ക് മനസ്സിലാകും. ദേഹാഭിമാനമുള്ളവർ എന്ത് സഹായം ചെയ്യാനാണ് എന്തുകൊണ്ടെന്നാൽ അവർ സ്വയം മായയുടെ ചങ്ങലകളിൽ കുടുങ്ങിക്കിടക്കുകയാണ്. ഇപ്പോൾ ബാബ നിർദ്ദേശം നൽകിയിട്ടുണ്ട് അതായത് എല്ലാവരേയും മായയുടെ ചങ്ങലകളിൽ നിന്ന്, ഗുരുക്കന്മാരുടെ വലയിൽ നിന്നും രക്ഷിക്കൂ. നിങ്ങളുടെ ജോലിതന്നെ ഇതാണ്. ബാബ പറയുന്നു ആരാണോ എന്റെ നല്ല സഹായികളായി മാറുന്നത് അവരാണ് പദവി നേടുന്നത്. ബാബ സ്വയം സന്മുഖത്ത് പറയുന്നു– ഞാൻ എന്താണോ, എങ്ങനെയാണോ, സാധാരണമായതിനാൽ എന്നെ പൂർണ്ണമായി അറിയുന്നില്ല. ബാബ നമ്മെ വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുകയാണ് എന്നത് അറിയില്ല. ഈ ലക്ഷ്മീ നാരായണന്മാർ വിശ്വത്തിന്റെ അധികാരികളായിരുന്നു, ഇതും ആർക്കും അറിയില്ല. ഇവർ എങ്ങനെയാണ് രാജ്യം നേടിയത് പിന്നീട് എങ്ങനെയാണ് അത് നഷ്ടപ്പെടുത്തിയത് എന്നത് ഇപ്പോൾ നിങ്ങൾക്ക് അറിയാം. മനുഷ്യരുടേതാണെങ്കിൽ തീർത്തും തുച്ഛബുദ്ധിയാണ്. ഇപ്പോൾ ബാബ വന്നിരിക്കുകയാണ് എല്ലാവരുടേയും ബുദ്ധിയുടെ പൂട്ട് തുറക്കാൻ, കല്ലുബുദ്ധിയിൽ നിന്നും പവിഴബുദ്ധിയാക്കാൻ. ബാബ പറയുന്നു ഇപ്പോൾ സഹായിയാവൂ. ലോകർ അവർ ഭഗവാന്റെ സഹായികളാണ് എന്ന് പറയാറുണ്ട് പക്ഷേ അവർ സഹായിയാവുന്നതേയില്ല. ഭഗവാൻ വന്ന് ആരെയാണോ പാവനമാക്കി മാറ്റുന്നത് അവരോടാണ് പറയുന്നത് ഇപ്പോൾ മറ്റുള്ളവരേയും തനിക്കുസമാനമാക്കി മാറ്റൂ. ശ്രീമതം അനുസരിച്ച് നടക്കൂ. ബാബ വന്നിരിക്കുന്നത് തന്നെ പാവനമായ സ്വർഗ്ഗം നിർമ്മിക്കാനാണ്.

നിങ്ങൾ ബ്രാഹ്മണ മക്കൾക്ക് അറിയാം ഇത് മൃത്യുലോകമാണ്. ഇരുന്ന ഇരുപ്പിൽ തന്നെ പെട്ടെന്ന് മരണം സംഭവിക്കുന്നു എങ്കിൽ എന്തുകൊണ്ട് നമുക്ക് പരിശ്രമിച്ച് ബാബയിൽ നിന്നും പരിപൂർണ്ണ സമ്പത്ത് എടുത്ത് തന്റെ ഭാവിയുണ്ടാക്കിക്കൂടാ. മനുഷ്യർ വാനപ്രസ്ഥ അവസ്ഥയിൽ എത്തിയാൽ ഇപ്പോൾ ഭക്തിയിൽ മുഴുകണം എന്ന് കരുതുന്നു. വാനപ്രസ്ഥ അവസ്ഥയിൽ എത്തുന്നതുവരെ നന്നായി പണം സമ്പാദിച്ചുകൊണ്ടിരിക്കും. ഇപ്പോൾ നിങ്ങൾ എല്ലാവരുടേയും വാനപ്രസ്ഥ അവസ്ഥയാണ്. എങ്കിൽ എന്തുകൊണ്ട് ബാബയുടെ സഹായിയായിക്കൂടാ. നാം ബാബയുടെ സഹായിയാവുന്നുണ്ടോ എന്ന് ഹൃദയത്തോട് ചോദിക്കണം. സർവ്വീസബിളായ കുട്ടികൾ പ്രശസ്ഥരാണ്. നന്നായി പരിശ്രമിക്കുന്നു. യോഗത്തിൽ ഇരിക്കുന്നതിലൂടെ സേവനം ചെയ്യാൻ സാധിക്കും. ഓർമ്മയുടെ ശക്തിയിലൂടെ വേണം മുഴുവൻ ലോകത്തേയും പാവനമാക്കാൻ. മുഴുവൻ വിശ്വത്തേയും പാവനമാക്കാൻ നിങ്ങൾ നിമിത്തമായിരിക്കുന്നു. നിങ്ങൾക്കായി പിന്നീട് പവിത്രമായ ലോകവും ആവശ്യമാണ്, അതിനാൽ പതിതമായ ലോകത്തിന്റെ വിനാശവും ഉണ്ടാകണം. ഇപ്പോൾ എല്ലാവരോടും ഇതുതന്നെ പറയൂ അതായത് ദേഹാഭിമാനത്തെ ഉപേക്ഷിക്കൂ. ഒരു ബാബയെ മാത്രം ഓർമ്മിക്കൂ. ബാബ തന്നെയാണ് പതിത പാവനൻ. എല്ലാവരും ഓർമ്മിക്കുന്നതും അവരെത്തന്നെയാണ്. സാധു സന്യാസിമാർ എല്ലാവരും വിരൽ ചൂണ്ടികൊണ്ട് സൂചന നൽകുന്നതും ഇതുതന്നെയാണ് അതായത് പരമാത്മാവ് ഒന്നാണ്, അവർ തന്നെയാണ് എല്ലാവർക്കും സുഖം നൽകുന്നവർ. ഈശ്വരൻ അഥവാ പരമാത്മാവ് എന്ന് പറയുന്നു പക്ഷേ അവരെ ആരും അറിയുന്നില്ല. ചിലർ ഗണേശനെ, ചിലർ ഹനുമാനെയെങ്കിൽ ചിലർ തന്റെ ഗുരുവിനെ ഓർമ്മിച്ചുകൊണ്ടിരിക്കുന്നു. ഇപ്പോൾ നിങ്ങൾക്ക് അറിയാം അതെല്ലാം ഭക്തിമാർഗ്ഗത്തിലേതാണ്. ഭക്തിമാർഗ്ഗവും അരകല്പം നടക്കുന്നുണ്ട്. വലിയ വലിയ ഋഷി മുനിമാർ പോലും അറിയില്ല അറിയില്ല എന്നാണ് പറഞ്ഞുവന്നത്. രചയിതാവിനേയും രചനയേയും ഞങ്ങൾക്ക് അറിയുകയില്ല. ബാബ പറയുന്നു അവർ ത്രികാല ദർശികളല്ല. ബീജരൂപം, ജ്ഞാനത്തിന്റെ സാഗരം ഒരാൾ മാത്രമാണ്. ബാബ വരുന്നതും ഭാരതത്തിലാണ്. ശിവജയന്തിയും ആഘോഷിക്കുന്നുണ്ട്, ഗീതാ ജയന്തിയും ആഘോഷിക്കുന്നുണ്ട്. അതിനാൽ കൃഷ്ണനെ ഓർമ്മിക്കുന്നു. ശിവനെ അറിയുകയില്ല. ശിവബാബ പറയുന്നു പതിത പാവനനും ജ്ഞാനസാഗരനും ഞാൻ തന്നെയാണ്. കൃഷ്ണനെ ഇങ്ങനെ പറയാൻ പറ്റില്ല. ഗീതയുടെ ഭഗവാൻ ആരാണ്? ഇത് വളരെ നല്ല ചിത്രമാണ്. ബാബ ഈ ചിത്രങ്ങളെല്ലാം നിർമ്മിക്കുന്നത് കുട്ടികളുടെ മംഗളത്തിനായാണ്. ശിവബാബയുടെ മഹിമ പൂർണ്ണമായും എഴുതണം. എല്ലാത്തിന്റേയും ആധാരം ഇതാണ്. മുകളിൽ നിന്ന് ആരെല്ലാം വരുന്നുവോ അവരെല്ലാം പവിത്രമാണ്. പവിത്രമായി മാറാതെ ആർക്കും പോകാൻ പറ്റില്ല. മുഖ്യമായ കാര്യം പവിത്രമായി മാറുക എന്നതാണ്. അത് പവിത്രമായ വീടാണ് അവിടെയാണ് സർവ്വ ആത്മാക്കളും വസിക്കുന്നത്. ഇവിടെ നിങ്ങൾ പാർട്ട് അഭിനയിച്ച് അഭിനയിച്ച് പതിതമായി മാറിയിരിക്കുന്നു. ആരാണോ ഏറ്റവും പാവനം അവർ തന്നെയാണ് പിന്നീട് വളരെ പതിതമായും മാറുന്നത്. ദേവീദേവതാ ധർമ്മത്തിന്റെ പേരും അടയാളവും പോലും മുങ്ങിപ്പോയി. ദേവതാ ധർമ്മം എന്നത് മാറ്റി ഹിന്ദു എന്ന് പേരുവെച്ചു. നിങ്ങൾ തന്നെയാണ് സ്വർഗ്ഗരാജ്യം നേടുന്നത് പിന്നീട് നഷ്ടപ്പെടുത്തുന്നു. തോൽവിയുടേയും വിജയത്തിന്റേയും കളിയാണ്. മായയോട് തോൽവി തന്നെ തോൽവി, മായയോട് വിജയം തന്നെ വിജയം. മനുഷ്യർ രാവണന്റെ ചിത്രം എത്ര വലുതായി എത്ര പണം ചിലവാക്കി നിർമ്മിക്കുന്നു പിന്നീട് ഒരു ദിവസം കൊണ്ട് നശിപ്പിക്കുന്നു. ദേവിമാരുടെ ചിത്രവും ഇതുപോലെ നിർമ്മിച്ച് പിന്നീട് കൊണ്ടുപോയി മുക്കുന്നു. ഒന്നും മനസ്സിലാക്കുന്നില്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾ പരിധിയില്ലാത്ത ചരിത്രവും ഭൂമിശാസ്ത്രവും അറിയുന്നു അതായത് ഈ ലോകത്തിന്റെ ചക്രം എങ്ങനെയാണ് കറങ്ങുന്നത് എന്ന് അറിയുന്നു. സത്യ ത്രേതായുഗങ്ങളെ ആരും അറിയുന്നില്ല. ദേവതകളുടെ ചിത്രവും മോശമാക്കിയാണ് നിർമ്മിച്ചിരിക്കുന്നത്.

ബാബ മനസ്സിലാക്കിത്തരുന്നു- മധുരമായ കുട്ടികളേ, വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുന്നതിനായി ബാബ എന്തെല്ലാം പഥ്യം നിർദ്ദേശിച്ചിട്ടുണ്ടോ അതെല്ലാം പാലിക്കൂ, ഓർമ്മയിൽ ഇരുന്ന് ഭക്ഷണം ഉണ്ടാക്കൂ, യോഗത്തിൽ ഇരുന്ന് കഴിക്കൂ. ബാബ സ്വയം പറയുന്നു എന്നെ ഓർമ്മിക്കൂ എങ്കിൽ നിങ്ങൾ വീണ്ടും വിശ്വത്തിന്റെ അധികാരിയായി മാറും. ബാബയും വീണ്ടും വന്നിരിക്കുകയാണ്. ഇപ്പോൾ പൂർണ്ണമായും വിശ്വത്തിന്റെ അധികാരിയായി മാറണം. മാതാപിതാവിനെ ഫോളോ ചെയ്യുക. പിതാവ് മാത്രമാവുക സാധ്യമല്ല. സന്യാസിമാർ പറയുന്നു ഞങ്ങൾ എല്ലാവരും പിതാക്കന്മാരാണെന്ന്. ആത്മാവുതന്നെയാണ് പരമാത്മാവ്, അത് തെറ്റാണ്. ഇവിടെ മാതാവും പിതാവും രണ്ടുപേരും പുരുഷാർത്ഥം ചെയ്യുന്നുണ്ട്. മാതാപിതാവിനെ ഫോളോ ചെയ്യൂ എന്ന വാക്കും ഇവിടെയുള്ളതാണ്. ഇപ്പോൾ നിങ്ങൾക്ക് അറിയാം ആരാണോ വിശ്വത്തിന്റെ അധികാരികളായിരുന്നത്, പവിത്രമായിരുന്നത് അവർ ഇപ്പോൾ അപവിത്രമാണ്. വീണ്ടും പാവനമായി മാറുകയാണ്. നമ്മളും ബാബയുടെ ശ്രീമതത്തിലൂടെ നടന്ന് ഈ പദവി പ്രാപ്തമാക്കുകയാണ്. ബാബ ഇവരിലൂടെ നിർദ്ദേശങ്ങൾ നൽകുന്നു അതിലൂടെ നടക്കണം, ഫോളോ ചെയ്യുന്നില്ലെങ്കിൽ

കേവലം ബാബാ ബാബാ എന്ന് പറഞ്ഞ് മുഖം മധുരിപ്പിക്കുന്നു. ഫോളോ ചെയ്യുന്നവരെ മാത്രമേ സൽപുത്രർ എന്ന് പറയുകയുള്ളു. അറിയാം മമ്മാ-ബാബയെ ഫോളോ ചെയ്യുന്നതിലൂടെ നാം രാജധാനിയിലേയ്ക്ക് പോകും. ഇത് ബുദ്ധിയുടെ കാര്യമാണ്. ബാബ ഇത്രയേ പറയുന്നുള്ളു എന്നെ ഓർമ്മിക്കു എങ്കിൽ വികർമ്മം വിനാശമാകും. ഇത്രയേയുള്ളു ഇത് ആർക്കുവേണമെങ്കിലും മനസ്സിലാക്കിക്കൊടുക്കൂ- നിങ്ങൾ എങ്ങനെയാണ് 84 ജന്മങ്ങൾ എടുത്ത് എടുത്ത് അപവിത്രമായി മാറിയത്. ഇപ്പോൾ വീണ്ടും പവിത്രമായി മാറണം. എത്രത്തോളം ഓർമ്മിക്കുന്നുവോ അത്രയും പവിത്രമായി മാറും. വളരെ അധികം ഓർമ്മിക്കുന്നവർ തന്നെയാണ് പുതിയ ലോകത്തിൽ ആദ്യമാദ്യം വരുന്നത്. പിന്നീട് മറ്റുള്ളവരേയും തനിക്കുസമാനമാക്കി മാറ്റണം. ബാബയ്ക്കും മമ്മയ്ക്കും പ്രദർശിനിയിൽ മനസ്സിലാക്കിക്കൊടുക്കുന്നതിനായി പോകാൻ പറ്റില്ല. പുറത്തുനിന്നും വലിയ ആളുകൾ വരുകയാണെങ്കിൽ ആരാണ് വന്നത് എന്ന് നോക്കാൻ എത്ര പേരാണ് പോകുന്നത്. ഇവിടെയാണെങ്കിൽ എത്ര ഗുപ്തമാണ്. ബാബ പറയുന്നു ഞാൻ ഈ ബ്രഹ്മാ ശരീരത്തിലൂടെയാണ് സംസാരിക്കുന്നത്, ഞാൻ തന്നെയാണ് ഈ ബ്രഹ്മാവിന് ഉത്തരവാദി. നിങ്ങൾ സദാ കരുതൂ ശിവബാബയാണ് പറയുന്നത്, ബാബയാണ് പഠിപ്പിക്കുന്നത്. നിങ്ങൾ ശിവബാബയെ വേണം നോക്കാൻ, ബ്രഹ്മാവിനെ നോക്കരുത്. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കു എന്നിട്ട് പരമാത്മാവായ അച്ഛനെ ഓർമ്മിക്കു. ഞാൻ ആത്മാവാണ്. ആത്മാവിൽ മുഴുവൻ പാർട്ടും അടങ്ങിയിരിക്കുന്നു. ഈ ചക്രം ബുദ്ധിയിൽ കറങ്ങിക്കൊണ്ടിരിക്കണം. കേവലം ലോകത്തിന്റെ കാര്യങ്ങൾ മാത്രമേ ബുദ്ധിയിൽ ഉള്ളുവെങ്കിൽ ഒന്നും അറിയില്ല എന്നതാണ് അർത്ഥം. തീർത്തും മോശമാണ്. പക്ഷേ ഇങ്ങനെയുള്ളവരുടേയും മംഗളം ചെയ്യണം. സ്വർഗ്ഗത്തിലേയ്ക്ക് പോകും പക്ഷേ ഉയർന്ന പദവി നേടില്ല. ശിക്ഷകൾ അനുഭവിച്ച് പോകും. ഉയർന്ന പദവി എങ്ങനെ നേടും, അത് ബാബയാണ് മനസ്സിലാക്കിത്തരുന്നത്. ഒന്നാമത് സ്വദർശന ചക്രധാരിയായി മാറണം, മാറ്റണം. പക്കാ യോഗിയാവുകയും ആക്കുകയും ചെയ്യൂ. ബാബ പറയുന്നു എന്നെ ഓർമ്മിക്കു. നിങ്ങൾ പിന്നീട് ബാബാ ഞങ്ങൾ മറന്നുപോയി എന്നു പറയുന്നു. ലജ്ജ തോന്നുന്നില്ലേ! വളരെ അധികം പേരുണ്ട് അവർ സത്യം പറയുന്നില്ല, മറന്നുപോകുന്നു. ബാബ പറഞ്ഞിട്ടുണ്ട് ആരു വന്നാലും അവർക്ക് ബാബയുടെ പരിചയം നൽകൂ. ഇപ്പോൾ 84 ന്റെ ചക്രം പൂർത്തിയാവുകയാണ്, തിരിച്ചുപോകണം. രാമനും പോയി, രാവണനും പോയി............... ഇതിന്റേയും അർത്ഥം എത്ര സഹജമാണ്. രാമന്റേയും രാവണന്റേയും കുടുംബമുണ്ടെങ്കിൽ തീർച്ചയായും സംഗമം ഉണ്ടായിരിക്കും. ഇതും അറിയാം അതായത് എല്ലാം വിനാശമാകും, ബാക്കി കുറച്ചുപേരേ ഉണ്ടാകൂ. നിങ്ങൾക്ക് എങ്ങനെയാണ് രാജ്യം ലഭിക്കുന്നത് എന്നതും കുറച്ച് മുന്നോട്ട് പോകുമ്പോൾ മനസ്സിലാകും. ആദ്യം തന്നെ എല്ലാം പറയില്ലല്ലോ. പിന്നെ അത് നാടകമാകില്ലല്ലോ. നിങ്ങൾക്ക് സാക്ഷിയായി കാണണം. സാക്ഷാത്ക്കാരം ഉണ്ടായിക്കൊണ്ടിരിക്കും. ഈ 84ന്റെ ചക്രത്തെ ലോകത്തിലെ ആരും അറിയുന്നില്ല.

ഇപ്പോൾ നമ്മൾ തിരിച്ച് പോവുകയാണ് എന്നത് നിങ്ങൾ കുട്ടികളുടെ ബുദ്ധിയിൽ ഇപ്പോൾ ഉണ്ട്. രാവണരാജ്യത്തിൽ നിന്നും ഇപ്പോൾ രക്ഷപ്പെട്ടിരിക്കുകയാണ്. പിന്നീട് തന്റെ രാജധാനിയിലേയ്ക്ക് പോകും. ബാക്കി കുറച്ച് ദിവസങ്ങളേയുള്ളു. ഈ ചക്രം കറങ്ങിക്കൊണ്ടിരിക്കുമല്ലോ. അനേകം തവണ ഈ ചക്രം കറങ്ങിയിട്ടുണ്ട്, ഇപ്പോൾ ബാബ പറയുന്നു ഏത് കർമ്മബന്ധനത്തിലാണോ കുടുങ്ങിയിരിക്കുന്നത് അതിനെ മറക്കൂ. ഗൃഹസ്ഥവ്യവഹാരത്തിൽ ഇരുന്നുകൊണ്ടും മറന്നുകൊണ്ടേപോകൂ. ഇപ്പോൾ നാടകം പൂർത്തിയാവുകയാണ്, തന്റെ വീട്ടിലേയ്ക്ക് പോകണം, ഈ മഹാഭാരത യുദ്ധത്തിനുശേഷമേ സ്വർഗ്ഗത്തിന്റെ ഗേറ്റ് തുറക്കൂ അതിനാൽ ബാബ പറഞ്ഞിട്ടുണ്ട് സ്വർഗ്ഗത്തിലേക്കുള്ള വാതിൽ എന്നത് വളരെ നല്ല പേരാണ്. ചിലർ പറയാറുണ്ട് യുദ്ധങ്ങൾ അനവധി ഉണ്ടായിട്ടുള്ളതാണ്. പറയൂ, മിസൈലുകളുടെ യുദ്ധം എപ്പോഴാണ് ഉണ്ടായിട്ടുള്ളത്, ഇത് മിസൈലുകളുടെ അന്തിമ യുദ്ധമാണ്. 5000 വർഷങ്ങൾക്കുമുമ്പും ഈ യുദ്ധം നടന്നിരുന്നു അപ്പോൾ ഈ യജ്ഞവും രചിച്ചിരുന്നു. ഇപ്പോൾ ഈ പഴയ ലോകത്തിന്റെ വിനാശമുണ്ടാകണം. പുതിയ രാജധാനിയുടെ സ്ഥാപന ഉണ്ടാവുകയാണ്.

നിങ്ങൾ ഈ ആത്മീയ പഠിപ്പ് പഠിക്കുന്നത് രാജധാനിക്കുവേണ്ടിയാണ്. നിങ്ങളുടേത് ആത്മീയ ജോലിയാണ്. ലൗകിക പഠിപ്പ് ഉപയോഗത്തിൽ വരില്ല, ശാസ്ത്രങ്ങളും ഫലപ്പെടില്ല എങ്കിൽ പിന്നെന്തുകൊണ്ട് ഈ ജോലിയിൽ മുഴുകിക്കൂടാ. ബാബയാണെങ്കിൽ വിശ്വത്തിന്റെ അധികാരിയാക്കിയാണ് മാറ്റുന്നത്. ഏത് പഠിപ്പിൽ മുഴുകണം എന്നത് ചിന്തിക്കണം. അവരാണെങ്കിൽ കുറഞ്ഞ ഡിഗ്രിയ്ക്കുവേണ്ടിയാണ് പഠിക്കുന്നത്. നിങ്ങൾ പഠിക്കുന്നത് രാജധാനിക്കുവേണ്ടിയാണ്. എത്ര രാവും പകലും തമ്മിലുള്ള വ്യത്യാസമാണ്. ആ പഠിപ്പ് പഠിക്കുന്നതുകൊണ്ട് കടല(വില കുറഞ്ഞത്) പോലും ലഭിക്കുമെന്ന് തോന്നുന്നില്ല. ആരെങ്കിലും ശരീരം ഉപേക്ഷിച്ചാൽ അവരുടെ കടലയും പോയി. ഈ സമ്പാദ്യമാണെങ്കിൽ കൂടെ വരുന്നതാണ്. മരണം തലയ്ക്കുമുകളിലുണ്ട്. ആദ്യം നാം നമ്മുടെ പൂർണ്ണ സമ്പാദ്യം ഉണ്ടാക്കണം. ഈ സമ്പാദ്യം ഉണ്ടാക്കി ഉണ്ടാക്കി ലോകം വിനാശമാകണം. നിങ്ങളുടെ പഠിപ്പ് പൂർത്തിയാകുമ്പോഴേ വിനാശമുണ്ടാകൂ. നിങ്ങൾക്ക്

അറിയാം ഏതെല്ലാം മനുഷ്യരുണ്ടോ അവരുടെ കൈപ്പിടിയിലാണ് കടല. അതിനെത്തന്നെ കുരങ്ങനെപ്പോലെ മുറുകെപ്പിടിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ നിങ്ങൾ രത്നങ്ങൾ നേടുകയാണ്. ഈ കടലകളോടുള്ള മമത്വം ഇല്ലാതാക്കൂ. എപ്പോൾ നല്ല രീതിയിൽ മനസ്സിലാക്കുന്നുവോ അപ്പോഴേ കൈപ്പിടിയിലുള്ള കടലയെ വിടു. ഇതെല്ലാം ചാരമാകാനുള്ളതാണ്. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്തേ.

## ധാരണയ്ക്കുള്ള മുഖ്യസാരം-

1) ആത്മീയ പഠിപ്പ് പഠിക്കുകയും പഠിപ്പിക്കുകയും വേണം. അവിനാശിയായ ജ്ഞാനരത്നങ്ങളാൽ തന്റെ ഉള്ളംകൈ നിറയ്ക്കണം. കടലയ്ക്കുപിന്നാലെ പോയി സമയം വ്യർത്ഥമാക്കരുത്.

2) ഇപ്പോൾ നാടകം പൂർത്തിയാവുകയാണ്, സ്വയത്തെ കർമ്മബന്ധനത്തിൽ നിന്നും മുക്തമാക്കണം. സ്വദർശന ചക്രധാരിയായി മാറുകയും മാറ്റുകയും വേണം. മാതാപിതാവിനെ ഫോളോ ചെയ്ത് രാജപദവിയ്ക്ക് അധികാരിയായി മാറണം.

## വരദാനം:- സങ്കൽപ്പത്തെപ്പോലും പരിശോധിച്ച് വ്യർത്ഥത്തിന്റെ കണക്കിനെ സമാപ്തമാക്കുന്ന ശ്രേഷ്ഠ സേവാധാരിയായി ഭവിക്കട്ടെ.

ശ്രേഷ്ഠ സേവാധാരി അവരാണ് ആരുടെയാണോ ഓരോ സങ്കൽപവും ശക്തിശാലിയായിരിക്കുന്നത്. ഒരു സങ്കൽപം പോലും വ്യർത്ഥമായിപ്പോകില്ല. എന്തുകൊണ്ടെന്നാൽ സേവാധാരി അർത്ഥം വിശ്വമാകുന്ന സ്റ്റേജിൽ അഭിനയിക്കുന്നവർ. മുഴുവൻ വിശ്വവും താങ്കളെ കോപ്പി ചെയ്യുന്നു, അഥവാ താങ്കളുടെ ഒരു സങ്കൽപം വ്യർത്ഥമാക്കിയാൽ കേവലം താങ്കൾക്ക് മാത്രമല്ല വ്യർത്ഥമാക്കിയത് മറിച്ച് അനേകർക്ക് നിമിത്തമാവുകയാണ്, അതിനാൽ ഇപ്പോൾ വ്യർത്ഥത്തിന്റെ കണക്കിനെ സമാപ്തമാക്കി ശ്രേഷ്ഠ സേവാധാരിയാകൂ.

## സ്ലോഗൻ:- സേവനത്തിന്റെ വായുമണ്ഡലത്തിനോടൊപ്പം പരിധിയില്ലാത്ത വൈരാഗ്യവൃത്തിയുടെ വായുമണ്ഡലം സൃഷ്ടിക്കൂ.

**അവ്യക്ത സൂചനകൾ:- കമ്പൈന്റ് രൂപത്തിന്റെ സ്മൃതിയിലൂടെ സദാ വിജയിയാകൂ.**

സംഗമയുഗം കമ്പൈന്റായി ഇരിക്കാനുള്ള യുഗമാണ്. ബാബയിൽ നിന്ന് മാറിയിരിക്കാൻ സാധിക്കില്ല. സദാ കാലത്തേക്കും കൂട്ടുകാരനാണ്. സദാ ബാബയോടൊപ്പം ഇരിക്കുക അർത്ഥം സദാ സന്തുഷ്ടരായിരിക്കുക. ബാബയും താങ്കളും സദാ കമ്പൈന്റാണെങ്കിൽ കമ്പൈന്റിന്റെ ശക്തി വളരെ വലുതാണ്, ഒരു കാര്യത്തിന് പകരം ആയിരം കാര്യങ്ങൾ ചെയ്യാൻ കഴിയും എന്തുകൊണ്ടെന്നാൽ ആയിരം കൈകളുള്ള ബാബ താങ്കളോടൊപ്പമുണ്ട്.